**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4877** **20-07-2022 - ൽ മറുപടിയ്ക്ക്**

**ബേക്കൽ കോട്ടയുടെ പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ബേക്കൽ കോട്ട സ്ഥിതി ചെയ്യുന്ന പ്രദേശത്തെ എത്ര ഏക്കർ ഭൂമി പൊതുമരാമത്ത് വകുപ്പിന്റെ കൈവശം ഉണ്ടെന്ന് അറിയിക്കാമോ; | (എ) | ബേക്കൽ കോട്ട സ്ഥിതി ചെയ്യുന്ന പ്രദേശത്ത് 3.52 ഏക്കർ സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ കൈവശം ഉണ്ട്. |
| (ബി) | ബേക്കൽ കോട്ട സ്ഥിതി ചെയ്യുന്ന സ്ഥലവും അവിടെയുള്ള റസ്റ്റ് ഹൗസും നിലവിൽ ആരുടെ കൈവശമാണുള്ളതെന്ന് അറിയിക്കാമോ; | (ബി) | ബേക്കൽ കോട്ട സ്ഥിതി ചെയ്യുന്ന സ്ഥലം കേന്ദ്ര പുരാവസ്തു വകുപ്പിന്റെ കീഴിൽ ആണ് ഉള്ളത്. അവിടെയുള്ള റസ്റ്റ് ഹൗസും 20 സെന്റ് സ്ഥലവും 08/02/2006 തീയതിയിലെ ജി.ഒ.(എം.എസ്.) നം. 8/2006/പി.ഡബ്ല്യു.ഡി. പ്രകാരം പാട്ടകരാർ വ്യവസ്ഥയിൽ ടൂറിസം വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥലം ആർക്കെങ്കിലും പാട്ടക്കരാർ വ്യവസ്ഥയിൽ നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (സി) | പ്രസ്തുത റസ്റ്റ് ഹൗസ് കെട്ടിടങ്ങൾ പുനരുദ്ധരിക്കുന്നതിനും നടത്തിപ്പിനുമായി ബി.ആർ.ഡി.സി.യ്ക്ക് കൈമാറിയിരുന്നു. പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിന് കേന്ദ്ര പുരാവസ്തു വകുപ്പിന്റെ അനുമതി ആവശ്യമാണ്. കേന്ദ്ര പുരാവസ്തു വകുപ്പിന് കെട്ടിടവും പരിസരവും വിട്ടു നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ഡി) | പാട്ടക്കരാർ ഏറ്റെടുത്ത ഏജൻസി അറ്റകുറ്റപ്പണികൾ ചെയ്യാത്തതിനാൽ ചരിത്ര പ്രാധാന്യമുള്ള പ്രസ്തുത കെട്ടിടം നിലംപൊത്താറായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ബി.ആർ.ഡി.സി. പ്രസ്തുത റസ്റ്റ് ഹൗസിന്റെ ആദ്യ ഘട്ട നവീകരണം നടത്തിയിരുന്നു. തുടർപ്രവർത്തനങ്ങൾ തടസ്സപ്പെട്ടതിനാൽ ശോചനീയനിലയിലാണ്. ശോചനീയമായ കെട്ടിടവും പരിസരവും പുനരുദ്ധാരണത്തിനായി കേന്ദ്ര പുരാവസ്തു വകുപ്പിന് ബി.ആർ.ഡി.സി. അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത സ്ഥലവും റസ്റ്റ് ഹൗസും പ്രയോജനപ്പെടുത്തി ബേക്കൽ ടൂറിസ്റ്റ് കേന്ദ്രത്തിൽ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള ആധുനിക പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ? | (ഇ) | റസ്റ്റ് ഹൗസ് കെട്ടിടങ്ങൾ പ്രയോജനപ്പെടുത്തി ഒരു ഇന്റർപ്രട്ടേഷൻ സെന്ററും മ്യൂസിയവും ഉൾപ്പെടെ ടൂറിസ്റ്റുകൾക്കുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനായി ബി.ആർ.ഡി.സി. ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര പുരാവസ്തുവകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ